DESPATCHED
ന.5/2/22..

12/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1146*(7)/2014*/***എസ്.ഐ.സി.***തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6558**/*എസ്.ഐ.സി–ജി 6/2014)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ധനേഷ് ഡി,<br>ആമിൻവെളി വീട്,<br>ആശ്രമം വാർഡ്, ആവലുകുന്ന്(പി.ഒ),<br>ആലപ്പുഴ – 688 006. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>JFCM Court,<br>രാമങ്കരി, ആലപ്പുഴ.<br><br>2. അപ്പീൽ അധികാരി & ശിരസ്തദാർ,<br>ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,<br>ആലപ്പുഴ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.02.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.03.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30.04.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 02.05.2014 |
| ഹിയറിംഗ് നടന്ന തീയതി | 05.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ധനേഷ് ഡി 30.04.2014 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 02.05.2014 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1146(7)/2014/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 17.02.2014 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് അമ്പലപ്പുഴ താലൂക്ക് ഓഫീസിന്റെ കീഴിലുള്ള ആലപ്പുഴ പടിഞ്ഞാറ് വില്ലേജ് ഓഫീസിലെ 2007 വർഷത്തെ ഹാജർ പുസ്തകത്തിലെ താഴെ പറയുന്ന വിവരങ്ങളാണ്:

1. ടി ഹാജർ പുസ്തകത്തിൽ 17.05.2007 തീയതിയിൽ ഹാജരായതായി രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാർ ആരൊക്കെ എന്നും അവരുടെ തസ്തിക ഏതെന്നും
2. ടി ഹാജർ പുസ്തകത്തിൽ 17.05.2007 തീയതിയിൽ ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാർ ആരൊക്കെ എന്നും അവരുടെ തസ്തിക ഏതെന്നും
3. ടി സിസി–1260/10–നമ്പർ കേസ് ടി തീയതിയിലെ (17.05.2007) ടി വില്ലേജ് ഓഫീസിലെ ജീവനക്കാരുടെ ഹാജർ നിലയുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അത് ഏതു വിധത്തിലാണെന്നും
4. ടി ഹാജർ പുസ്തകത്തിലെ 17.05.2007 തീയതിയിൽ ടി വില്ലേജ് ഓഫീസിലെ ജീവനക്കാർ ഹാജർ രേഖപ്പെടുത്തുന്ന പ്രസ്തുത ഭാഗത്തിന്റെ ശരി പകർപ്പ് തരുമാറാകണമെന്നും
5. ടി 7/13–14 തീയതി 23.11.2013 ഫയൽ നമ്പറായി മറുപടിയിൽ ടി 17.05.2007 തീയതിയിലെ ടി വില്ലേജ് ഓഫീസിലെ ഹാജർ പുസ്തകത്തിന്റെ പകർപ്പ് The Right to Information (Subordinate Courts and Tribunals) Rules, 2006, 12 പ്രകാരം ആയത് ടി CC-1260/10 കേസിന്റെ കേസ് റെക്കോർഡിന്റെ

ഭാഗമായതിനാൽ ആയത് നൽകുവാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ടി 07/13-14 തീയതി 23.11.2013 ഫയൽ നമ്പറായ മറുപടിയിൽ 1,2,3 നമ്പർ ചോദ്യങ്ങൾക്ക് മറുപടി നൽകിയത് വിവരാവകാശ നിയമത്തിലെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിൽ ആണെന്നും, ആയത് രേഖപ്പെടുത്തിയ പ്രസ്തുത ഭാഗത്തിന്റെ ശരിപകർപ്പ് നൽകണമെന്നും മറ്റുമാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 11.03.2014-ന് അപ്പീൽ ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 27.03.2014 തീയതിയിൽ ഹർജിക്കാരന്റെ അപ്പീലിന്മേൽ 31.03.2014-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 05/07/2014 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 17.02.2014 തീയതി വെച്ച് നൽകിയ അപേക്ഷമേൽ മറുപടി ലഭിച്ചില്ല എന്നു കാണിച്ച് ടി ഓഫീസ് മുമ്പാകെ 27.03.2014 തീയതി അപേക്ഷ സമർപ്പിക്കുകയും അത് അപ്പീൽ നമ്പർ 1/14 ആയി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും, രാമങ്കരി കോടതിയിൽ നിന്ന് കിട്ടിയ വിവര പ്രകാരം മേൽ പറഞ്ഞ അപേക്ഷയ്ക്ക് D.No. 639/14 dated 11.03.2014 പ്രകാരം ടി കോടതിയിൽ നിന്ന് മറുപടി അയച്ചിട്ടുണ്ടെന്നും, ടി വിവരം കാണിച്ച് അപേക്ഷകൻ 31.03.2014 തീയതി വെച്ച് നോട്ടീസ് ടി ഓഫീസിൽ നിന്ന് അയച്ചിട്ടുണ്ടെന്നും പക്ഷെ രാമങ്കരി കോടതിയിൽ നിന്ന് അയച്ച മറുപടി ലഭിച്ചില്ല എന്നു കാണിച്ച് അപേക്ഷകൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും, അപേക്ഷയുടെ കോപ്പി കമ്മീഷന്റെ ലെറ്റർ നമ്പർ 6558/SIC/Gen6/2014 dated 23.06.2014 പ്രകാരം ടി ഓഫീസിൽ 27.06.2014-ൽ ലഭിക്കുകയും ചെയ്തുവെന്നും ടി കത്ത് ലഭിച്ചപ്പോൾ ഒന്നാം എതിർകക്ഷിയിൽ നിന്ന് വിവരങ്ങൾ ആരായുകയും ചെയ്തുവെന്നും, രാമങ്കരി കോടതി പബ്ലിക്ക് ഇൻഫർമേഷൻ ആഫീസറിൽ നിന്ന് ലഭിച്ച മറുപടി പ്രകാരം 17.02.2014 തീയതി വെച്ച് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷക്കുളള മറുപടി 11.03.2014 D.No. 639/14 പ്രകാരം ടിയാന് തപാലിൽ അയച്ചിട്ടുളളതായി ടി മറുപടിയുടെ കോപ്പി സഹിതം ടി ഓഫീസിൽ അറിയിച്ചിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് നിർദ്ദേശാനുസരണം ഇതു സഹിതം സമർപ്പിച്ചിട്ടുണ്ടെന്നും, നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പ് ഹർജിക്കാരനും അയച്ചു കൊടുത്തിട്ടുണ്ട് എന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരം ടിയാന് നൽകിയിട്ടുണ്ടെന്നു കമ്മീഷന് ബോധ്യമാകുന്നു. കൂടാതെ ഹർജിക്കാരന് പരാതി ഇല്ല എന്ന് അറിയിച്ച സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2022 ജനുവരി 12-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

AV